(ഡി) ഈ വിദ്യാർത്ഥിനിക്ക് പഠനം മുന്നോട്ടുകൊണ്ടുപോകുവാൻ ഇവരുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ മുഴുവൻ അടിയന്തരമായി നൽകുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ;

(ഇ) ശ്രീമതി എ. ടി. ഉമയുടെ വിദ്യാഭ്യാസാനുകൂല്യങ്ങൾ വർഷാരംഭത്തിൽ തന്നെ നൽകുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഭോപ്പാൽ നാഷണൽ ലോ ഇൻസ്റ്റിറ്റ്യൂട്ട് യൂണിവേഴ്സിറ്റിയിൽ പഠിക്കുന്ന എ.റ്റി. ഉമയ്ക്ക് 68,240 രൂപ പഠന ഫീസ് അനുവദിച്ചിട്ടുണ്ട്. ഹോസ്റ്റൽ ചെലവിന്റെ വിശദ വിവരങ്ങൾ സ്ഥാപനത്തിൽ നിന്നും ലഭിച്ചാലുടൻ തുക അനുവദിക്കുന്നതാണ്.

(ബി) വിദ്യാഭ്യാസാനുകൂല്യത്തിനുള്ള അപേക്ഷ ലഭിച്ചാൽ അർഹത ഉറപ്പുവരുത്തി ട്യൂഷൻ ഫീസ്, ലംപ്സംഗ്രാന്റ്, പരീക്ഷാ ഫീസ് എന്നിവ കാലതാമസം കൂടാതെ നൽകുന്നുണ്ട്. യഥാർത്ഥ ഭക്ഷണ/താമസച്ചെലവ് മുൻകൂറായി അനുവദിക്കാൻ കഴിയുകയില്ല. പോക്കറ്റ്മണിയും ഹോസ്റ്റൽ താമസത്തിനും ഭക്ഷണത്തിനും വരുന്ന മുഴുവൻ തുകയും സ്ഥാപനത്തിൽ നിന്നും സ്റ്റേറ്റ്മെന്റ് വരുന്ന മുറയ്ക്ക് നൽകിവരുന്നു.

(സി) ഇല്ല.

(ഡി&ഇ) ശ്രീമതി ഉമയ്ക്ക് 1-7-2010 മുതൽ 30-4-2011 വരെയുള്ള ഫീസാനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്. സ്ഥാപന മേധാവിയിൽ നിന്നും സ്റ്റേറ്റ്മെന്റ് ലഭിച്ചാലുടൻ ഹോസ്റ്റൽ ചെലവിനുള്ള തുക അനുവദിക്കുന്നതാണ്. രണ്ടാം വർഷ ക്ലാസ് ആരംഭിച്ചാലുടനെ പുതുക്കൽ അപേക്ഷ ലഭ്യമാക്കി തുക യഥാസമയം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർ നിയമനം

149 (1112) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികവർഗ്ഗ വികസനവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ വികസന വകുപ്പിൽ ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർ തസ്തികയിൽ പി.എസ്.സി. വഴി നേരിട്ട് നിയമനം നടത്തുന്നതിന് 50% ഒഴിവുകൾ നീക്കിവച്ചുകൊണ്ടുള്ള 15-5-1993-ലെ G.O.(P) No.29/93/P&ARD ഉത്തരവ് പ്രകാരം ഇതുവരെ എത്രപേരെയാണ് നിയമിക്കേണ്ടിയിരുന്നതെന്ന് വ്യക്തമാക്കുമോ :

(ബി) പ്രസ്തുത ഉത്തരവ് പ്രകാരം നാളിതുവരെ എത്രപേരെ നിയമിച്ചുവെന്ന് അറിയിക്കുമോ :

LIBRARY ARCHIVES Kerala Legislative Assembly

(സി) 15-5-1993-ലെ ഉത്തരവ് പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പിലെ എത്രപേർക്ക് ട്രൈബൽ എക്സ്റ്റൻഷൻ ആഫീസർമാരായി നിയമനം നൽകി എന്നതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) ഈ ഉത്തരവിൻപ്രകാരം പി.എസ്.സി. വഴി നേരിട്ടുള്ള നിയമനത്തിനായി എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്യേണ്ടതെന്ന് വെളിപ്പെടുത്തുമോ ;

(ഇ) പ്രസ്തുത ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 24 പേരെ.

(ബി) 2006-ൽ ആദ്യമായി നിലവിൽവന്ന റാങ്ക് ലിസ്റ്റിൽ നിന്നും അഡ്വൈസ് ചെയ്ത 17 പേർക്കും നിയമന ഉത്തരവ് നൽകിയിരുന്നു.

(സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി&ഇ) 15-5-1993-ലെ ഉത്തരവ് പ്രകാരം മൊത്തത്തിലുള്ള തസ്തികകളുടെ 50% ആണ് റിപ്പോർട്ട് ചെയ്യേണ്ടത്. എന്നാൽ സ്പെഷ്യൽ റൂൾസ് ഭേദഗതി നിർദ്ദേശിക്കുകയും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ തസ്തികയുടെ 1/3 ഭാഗം മാത്രം നേരിട്ടുള്ള നിയമനം മതിയെന്നും ബാക്കി പ്രൊമോഷൻ വഴി നികത്തിയാൽ മതിയെന്നുമുള്ള നിർദ്ദേശം ഉൾപ്പെടുന്ന സ്പെഷ്യൽ റൂൾസ് ഭേദഗതിയിൻമേൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ അന്തിമ തീരുമാനത്തിന്റെ വെളിച്ചത്തിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതാണ്.

അനർട്ടിൽ വിജിലൻസ് അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥർ

150 (1113) ശ്രീ. പി. സി. ജോർജ് :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'അനർട്ട്' ഊർജ്ജസുരക്ഷാ മിഷനിൽ എത്ര വീതം റീജിയണൽ പ്രോഗ്രാം മാനേജർമാർ, ജോയിന്റ് ടെക്നിക്കൽ ഡയറക്ടർമാർ, പ്രോഗ്രാം മാനേജർമാർ എന്നിവർ ജോലി ചെയ്യുന്നുണ്ട് ; ഇവരുടെ പേരും ശമ്പളവും ശമ്പളസ്കെയിലും വെളിപ്പെടുത്തുമോ ; ഇവർ താൽക്കാലിക ജീവനക്കാരാണോ. അഥവാ സ്ഥിര ജോലിക്കാരാണോ എന്ന് വിശദമാക്കുമോ ;

(ബി) ഇവരിൽ കോടതി ഉത്തരവ് പ്രകാരം വിജിലൻസ് അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥർ ആരൊക്കെ എന്നും, എന്നാണ് വിജിലൻസ് അന്വേഷണത്തിന് ഉത്തരവായത് എന്നും വ്യക്തമാക്കുമോ ; വിജിലൻസ് അന്വേഷണത്തിന് ഉത്തരവായശേഷം ഈ ഉദ്യോഗസ്ഥർക്ക് അഡ്വാൻസ് തുക നൽകിയിട്ടുണ്ടോ : ഉണ്ടെങ്കിൽ എത്ര തുക വീതം ; ഇതിനായി പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

LIBRARY ARCHIVES KERALA LEGISLATIVE ASSEMBLY